# മുഹമ്മദിന്റെ മുഖം

## ഡോ. അലി ശരീഅത്തി

**മുൻധാരണയും** വക്രബുദ്ധിയും സത്യം ഗ്രഹിക്കുന്നതിന്റെ മുമ്പിലുള്ള മുഖ്യപ്രതിബന്ധമത്രെ. ഇവയില്ലാതെ, ബേക്കന്റെ വാക്കുകളിൽ 'ശാസ്ത്രത്തിന്റെ നിഷ്പക്ഷമായ വീക്ഷണകോണിലൂടെ' മതത്തിലേക്ക് നോക്കുമ്പോൾ, കഥകളിലും ഇതിഹാസങ്ങളിലുമല്ലാതെ മറ്റൊരിടത്തും കാണാത്ത അദ്ഭുതകരമായൊരു വ്യക്തിത്വത്തെ ചരിത്രത്തിന്റെ ദർപ്പണത്തിൽ നമുക്ക് കണ്ടെത്താൻ കഴിയും. യാഥാർഥ്യലോകത്ത് അത്തരം വേറൊരു മുഖത്തെ ആരും കണ്ടിട്ടില്ല.

വ്യത്യസ്ത മാനങ്ങളുള്ള ഏക മതമാണിസ്‌ലാം. ഏതെങ്കിലുമൊരു ആത്യന്തികതയിൽ കെട്ടിക്കുടുങ്ങിയ ഒരു വീക്ഷണമല്ല അതിനുള്ളത്. അത് മനുഷ്യരെ ജീവിതത്തിന്റെ ഒരു ഭാഗത്തേക്ക് മാത്രമല്ല നയിക്കുന്നത്. വ്യക്തിയുടെയും സമൂഹത്തിന്റെയും വിചാരവികാരങ്ങളിൽ പോലും അത് അതിന്റെ ശക്തി ചെലുത്തുന്നുണ്ട്. പിന്നീടൊരിക്കലും വ്യതിചലിക്കാത്തവിധം സമൂഹത്തെ അത് സമതുലിതാവസ്ഥയിൽ കൊണ്ടെത്തിക്കുന്നു. സമൂഹം യഥാർഥത്തിൽ സന്തുലിതാവസ്ഥ നേടിയെടുക്കന്ന പക്ഷം അതൊരിക്കലും നേർമാർഗത്തിൽനിന്ന് വ്യതിചലിക്കുകയോ ദുർമാർഗത്തിലേക്ക് തെന്നിത്തെറിച്ചുപോവുകയോ ചെയ്യുകയില്ല. ഇത്തരമൊരു ഇസ്‌ലാമിനെ നമുക്കെവിടെനിന്ന് ഉരുത്തിരിച്ചെടുക്കാൻ കഴിയും?

ഇസ്‌ലാമിലെ ദൈവമായ അല്ലാഹുവിനെക്കുറിച്ച ജ്ഞാനത്തിൽ നിന്ന്; ഇസ്‌ലാമിന്റെ വേദഗ്രന്ഥത്തിൽ നിന്ന്; ഇസ്‌ലാമിന്റെ പ്രവാചകനായ മുഹമ്മദ്(സ)യിൽനിന്ന്; അവിടുത്തെ ആദ്യത്തെ അനുയായിവൃന്ദത്തിൽനിന്ന്; കാരണം, തന്റെ സമൂഹത്തിന്നസ്തിവാരമിട്ട ലോകത്തിലെ ആദ്യത്തെ പ്രവാചകനാണദ്ദേഹം. ഇസ്‌ലാമിന്റെ ഈ വശങ്ങളെക്കുറിച്ച ശാസ്ത്രീയമായ പഠനവും യുക്തിബദ്ധമായ ഒരു താരതമ്യവും നടത്തുന്ന പക്ഷം ഉപരിസൂചിത യാഥാർഥ്യം വ്യക്തമാവുന്നതാണ്.

തികച്ചും വിഭിന്നവും വിവേചിക്കാവുന്നതുമായ ഗുണവിശേഷങ്ങളുള്ളവനാണല്ലാഹു. ഒന്ന് സർവശക്തൻ; രണ്ട് പരമകാരുണികൻ. അവൻ പ്രതിക്രിയ ചെയ്യുന്നവനും സർവശക്തനും ഗാംഭീര്യമുള്ളവനും കഠിനമായി ശിക്ഷിക്കുന്നവനുമത്രെ. അതോടൊപ്പം പരമകാരുണികനും ദയാലുവും വത്സലനും തന്റെ സൃഷ്ടികളും ഭൂമിയിൽ തന്റെ പ്രതിനിധികളുമായ മനുഷ്യർക്ക് അവരുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുന്നവനുമത്രെ അവൻ. അവൻ മനുഷ്യന് തന്നിലേക്കടുക്കാൻ ആവശ്യമായ ജ്ഞാനം നൽകിയവനും അവനോട് വളരെയേറെ സമീപസ്ഥനുമത്രെ. "തന്റെ കണ്ഠനാഡിയേക്കാൾ മനുഷ്യനോട് സമീപസ്ഥനാണവൻ."

തൗറാത്തിന്റെയും ബൈബിളിന്റെയും ഒരു സമാഹാരവും കൂടിയത്രെ ഖുർആൻ. തത്വശാസ്ത്രം, വിജ്ഞാനം, കഥകൾ, വിശ്വാസങ്ങൾ, വ്യക്തിതലത്തിലുള്ള ധാർമിക നിർദേശങ്ങൾ, ആത്മീയത, സാമൂഹിക-സാമ്പത്തിക, സൈനിക, രാഷ്ട്രീയ നിയമങ്ങൾ, സാമൂഹിക ബന്ധങ്ങളുടെ മൗലികതത്വങ്ങൾ, ആത്മീയവും ഭൗതികവുമായ മണ്ഡലങ്ങളിലേക്കുള്ള നിർദേശങ്ങൾ, ഐഹികവും പാരത്രികവുമായ ജീവിതത്തെക്കുറിച്ചുള്ള വിവരണങ്ങൾ എന്നിവയുടെ സമുച്ചയമാണത്. അതിന്റെ വിവരണനിർദേശങ്ങൾ സൃഷ്ടികർമത്തിന്റെ തത്വശാസ്ത്രവും സ്രഷ്ടാവിന്റെ ജ്ഞാനവും മുതൽ ശുചിത്വവും സാമൂഹികജീവിതാചാരങ്ങൾ വരെയും വ്യക്തിതലത്തിലുള്ള ആത്മശുദ്ധീകരണം മുതൽ യുദ്ധത്തെക്കുറിച്ചും സമരത്തെക്കുറിച്ചും ശാസ്ത്രം, സ്വാതന്ത്ര്യം, സംസ്കാരം, സാമൂഹിക ബന്ധങ്ങൾ, ഐഹികജീവിതത്തെ സുഖകരമാക്കൽ എന്നിവയെയും ദൈവത്തെ ആരാധിക്കാനും അവന്റെ മുമ്പിൽ വിനയത്തോടും ഭയഭക്തിബഹുമാനങ്ങളോടും കൂടി പ്രണമിക്കാനും ആവശ്യപ്പെടുന്നത് മുതൽ അധികാരം നേടിയെടുക്കാനും സൈനികശക്തി സംഭരിക്കാനുള്ള നിർദേശങ്ങൾ വരെയും നീണ്ടുകിടക്കുന്നു. ഇവയെല്ലാം ചിന്തോദ്ദീപകവും

വികാനിർഭരമാകുന്നതുമായ ഉന്നതമായ ശൈലിയിലും സ്വരത്തിലുമാണ് ഖുർആൻ വിവരിച്ചിരിക്കുന്നത്. ഖുർആന്റെ സ്വഭാവവും അതത്രെ.

മൂസാ(അ)യുടെയും ഈസാ(അ)യുടെയും ഗുണങ്ങൾ സമഞ്ജസമായി സമ്മേളിക്കപ്പെട്ട പ്രവാചകനത്രെ മുഹമ്മദ്(സ). ഒരവസരത്തിൽ തന്റെ അനുയായികളോടൊപ്പം ഭയജന്യമായ യുദ്ധരംഗത്ത്, വധിക്കാനും വധിക്കപ്പെടാനുമുള്ള ആവേശത്തോടെ പൊരിഞ്ഞുപൊരുതുന്ന ഒരു സേനാനിയായി മുൻപന്തിയിലുണ്ടായിരിക്കുമദ്ദേഹം. കൈയിൽ ഒരു പിടി മണ്ണെടുത്ത് ശത്രുക്കളുടെ നേരെ വിതറിക്കൊണ്ട് അവിടുന്ന് പ്രഖ്യാപിക്കുന്നു: 'ആക്രമിക്കൂ!' അപ്പോൾ ഖഡ്ഗങ്ങൾ തമ്മിൽ കൂട്ടിമുട്ടുകയും യുദ്ധം കൊടുമ്പിരിക്കൊള്ളുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ മുഖം സന്തോഷത്താൽ ചുവന്നുതുടുക്കുന്നു. യുദ്ധം ജയിച്ചാൽ വിജയാഹ്ലാദം മുഖത്ത് പ്രകടിപ്പിച്ചുകൊണ്ട് അവിടന്ന് വിളിച്ചുപറയുന്നു: "നിർത്തൂ. യുദ്ധം ജയിച്ചിരിക്കുന്നു."

മറ്റൊരവസരത്തിൽ യേശുവെക്കാൾ സ്നേഹനിർഭരനും ദയാലുവുമായ ഒരു വ്യക്തിയെ നാം അദ്ദേഹത്തിൽ കണ്ടെത്തുന്നു. അവിടുന്ന് സാധാരണ സഞ്ചരിക്കുന്ന ഒരു വഴിയിൽവെച്ച് എപ്പോഴും ഒരു ജൂതവനിത തന്റെ വീടിന്റെ മേലെ നിന്നുകൊണ്ട് അദ്ദേഹത്തിന്റെ മേൽ തുപ്പുന്നു. പക്ഷേ, അവിടുന്ന് ഒന്നും പറയുന്നില്ല. ഒരിക്കൽ പതിവുപോലെ അതിലൂടെ പോകുമ്പോൾ തന്റെ മേലെ അഴുക്കുവന്നുവീഴുന്നത് കാണാഞ്ഞപ്പോൾ തികച്ചും ആത്മാർഥതയോടും സ്നേഹത്തോടും കൂടി അവിടുന്ന് തിരക്കി: "എന്റെ മിത്രം ഇന്നെവിടെ പോയി? അവൾ ഇന്നെന്നെ കാണാൻ വന്നില്ലല്ലോ?" അവൾ സുഖമില്ലാതെ കിടക്കുകയാണെന്നറിഞ്ഞപ്പോൾ അവിടുന്ന് ആ സ്ത്രീയെ സന്ദർശിക്കുന്നു.

തന്റെ അധികാരത്തിന്റെ ഉത്തുംഗതയിൽ തന്റെ സൈന്യത്തോടൊപ്പം അദ്ദേഹം മക്കയിൽ പ്രവേശിക്കുന്നു. ഇരുപത് വർഷങ്ങളോളം തന്റെ അനുചരന്മാരോടൊപ്പം മർദനപീഡനങ്ങളനുഭവിക്കേണ്ടിവരികയും പലായനം ചെയ്യേണ്ടിവരികയും ചെയ്ത സ്ഥലം. അവിടെ സീസറുടെ സിംഹാസനത്തിലായിരുന്നെങ്കിലും ദയാലുവായ യേശുവിന്റെ കരുണാർദ്രമായ മുഖത്തോടുകൂടി അദ്ദേഹം കഅ്ബയുടെ സമീപം നിൽക്കുന്നു. ഊരിപ്പിടിച്ച ആയിരക്കണക്കിന് ഖഡ്ഗങ്ങൾ. അബൂസുഫ്യാനും ഹംസയുടെ കരൾ ചവച്ചുതുപ്പിയ അയാളുടെ ഭാര്യ ഹിന്ദും അബൂജഹ്ലിന്റെ പുത്രൻ ഇക്‌രിമയും സഫ്‌വാനും അടങ്ങിയ ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരിൽ പ്രതികാരം ചെയ്യാൻ കാത്തിരിക്കുന്ന ആ സമയത്ത് അവിടുന്ന് ചോദിക്കുന്നു: "ഹേ ഖുറൈശി സമൂഹമേ, ഞാൻ എന്ത് ചെയ്യുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്?'' മോശെയുടെ ശൂരതയും യേശുവിന്റെ സ്നേഹവും ഒത്തിണങ്ങിയ ദ്വൈതമാനങ്ങളുള്ള മുഹമ്മദിനെ അവർക്ക് നന്നായറിയാമായിരുന്നു. അവർ അദ്ദേഹത്തിന്റെ കണ്ണുകളിലേക്ക് നോക്കി. എന്നിട്ടു പറഞ്ഞു: "താങ്കൾ ഞങ്ങളുടെ സഹോദരനും ഞങ്ങളുടെ കുലത്തിൽ പെട്ടവനുമാണ്.'' ആ ഘട്ടത്തിൽ അവർക്ക് മാപ്പരുളിക്കൊണ്ട് ദയാവായ്പോടുകൂടി അവിടുന്ന് പ്രഖ്യാപിക്കുന്നു: "പൊയ്ക്കൊള്ളുക. നിങ്ങൾ സ്വതന്ത്രരാണ്."

പാതിരാവിൽ തന്റെ വീടും നാടും വിട്ട് മദീനയിലെ ബഖീഅ് എന്ന ശ്മശാനത്തിൽ ചെന്ന് അവിടുന്ന് ചിന്തയിൽ മുഴുകുന്നു – ലോകകാര്യങ്ങൾ പരിത്യജിച്ച് മരിക്കാനും, താൻ സ്നേഹിക്കുന്ന തന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ ജ്വാലകൾ ചൊരിഞ്ഞ പരാശക്തിയെ പുൽകാനും വെമ്പൽകൊള്ളുന്ന ഒരു സന്യാസിയെപ്പോലെ. ഹൃദയസ്പൃക്കായ വാക്കുകളിൽ ശവകുടീരങ്ങളോടദ്ദേഹം സംസാരിക്കുന്നു. പാതിരാവിൽ വെട്ടിത്തിളങ്ങുന്ന ചന്ദ്രന്റെ വെളിച്ചത്തിൽ ആ ശവകുടീരങ്ങൾ ജീവിതത്തിന്റെ പര്യവസാനത്തെക്കുറിച്ച ബോധമുണ്ടാക്കുന്നു. മുഹമ്മദ് എന്ന മനുഷ്യന് ഇത്തരമൊരു മുഖവും ഉണ്ടായിരുന്നുവെന്ന് ആർക്കാണ് വിശ്വസിക്കാൻ കഴിയുക?

ഇതേ മനുഷ്യനെ നാം മറ്റൊരിക്കൽ മദീനയിലെ ഒരു പൊതുസ്ഥലത്ത് കാണുന്നു. തന്റെ കൽപനപ്രകാരം കുഴിച്ച ആഴമേറിയ ഒരു കുഴിയുടെ സമീപം അദ്ദേഹം ഇരിക്കുകയാണ്. ബനീ ഖുറൈള ഗോത്രത്തിൽപെട്ട ഒരു കൂട്ടം ജൂതന്മാരെ ചങ്ങലയിൽ കെട്ടിയിട്ടുകൊണ്ട് തന്റെ മുമ്പിൽ കൊണ്ടുവന്നു ആ കുഴിയിലേക്ക് തട്ടിയിടുന്നത് നിർന്നിമേഷനായും നിർവികാരനായും അവിടുന്ന് നോക്കിക്കാണുന്നു. അവിടുന്ന് എന്തെങ്കിലും പറയുകയോ തന്റെ കണ്ണുകൾ ചലിക്കുകയോ ഈറനണിയുകയോ ചെയ്യുന്നില്ല. ആ എഴുനൂറ് ആളുകളിൽ അവസാനത്തെ മനുഷ്യനുംകൂടി ആ കുഴിയിലേക്ക് വലിച്ചെറിയപ്പെട്ടപ്പോൾ ആ കുഴി മണ്ണിട്ടു മൂടാൻ അവിടുന്ന് കൽപിക്കുകയും മറ്റു കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു. ഇസ്‌ലാമിക സമൂഹത്തിനെതിരിൽ വഞ്ചനകാണിച്ചവരായിരുന്നു ആ ജൂതന്മാർ. ചതിയെയും വഞ്ചനയെയും നേരിട്ടപ്പോൾ അവിടുന്ന് മോശെയുടെ സ്വഭാവം സ്വീകരിച്ചുവെന്നേയുള്ളൂ.

അത്ഭുതകരമായ മറ്റൊരു സംഭവമിതാ: അറേബ്യൻ മണലാര്യത്തിൽ നിന്നൊരു കാട്ടാറബി നേരെ പള്ളിയൽ വന്ന് മുഹമ്മദ് (സ)യോട് പറഞ്ഞു: "ഹേ മുഹമ്മദ്, ഏറ്റവും സുന്ദരികളായ ഏഴു ഭാര്യമാരുണ്ടെനിക്ക്. ഇഷ്ടമുള്ളതിനെ താങ്കൾ തെരഞ്ഞെടുത്തു കൊള്ളുക. എന്നിട്ട് താങ്കളുടെ ഭാര്യ ആഇശയെ എനിക്ക് തരികയും ചെയ്യുക." യേശുവിനെ പോലും അത്ഭുതപ്പെടുത്തുന്ന സ്നേഹത്തോടും സുസ്മേരവദനനായിക്കൊണ്ടും അവിടുന്ന് മറുപടി പറഞ്ഞു: "ഇസ്‌ലാം അതനുവദിക്കുന്നില്ല."

അത്ഭുതം! തന്റെ മദീനാ ജീവിതകാലത്ത് അറുപത് തവണ സൈന്യത്തെ നയിച്ച, യുദ്ധവും സമരവും മതത്തിന്റെ ഭാഗങ്ങളായി ഗണിച്ച ഒരു മനുഷ്യന് ബുദ്ധന്റേത് പോലുള്ള ഒരു ഹൃദയവും ഉപനിഷത്തുക്കളുടേത് പോലുള്ള ഭാവനയും ലാളിത്യവും സോക്രട്ടീസിന്റേതു പോലുള്ള യുക്തിയും വിവേകവും ചൈനക്കാരനായ ലാവോയുടെ സൗന്ദര്യവും മനോജ്ഞതയും ഉണ്ടാവുകയെന്നത് വിശ്വസിക്കാനാവുമോ? "ജനങ്ങളോടൊന്നിച്ചു ചേരാനും അവരോടൊപ്പം ജീവിക്കാനുമായി ഞാൻ നിയോഗിക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ, ദൈവം എന്റെ ജീവൻ തിരിച്ചെടുക്കുന്നതു വരേക്കും ഞാനെന്റെ കണ്ണുകൾ വാനലോകത്ത് നട്ടിരിക്കുമായിരുന്നു" എന്നും അവിടുന്ന് മറ്റൊരിക്കൽ പറയുകയുണ്ടായി.

അവിടത്തെ മഹാന്മാരായ അനുചരന്മാരിൽ നാം അലിയെയും അബൂദർറിനെയും കണ്ടെത്തുന്നു. ഈ രണ്ടു പേർക്ക് എന്തുതന്നെ ഗുണവിശേഷങ്ങളുണ്ടെങ്കിലും അവയെല്ലാം മുഹമ്മദ്(സ)യിൽ നിന്നുള്ളതായിരുന്നു. മരുഭൂയിൽ അലഞ്ഞുതിരിഞ്ഞിരുന്ന ഒരു ബദവിയായിരുന്നു ജൻദബുബ്നു ജുനാദ. അദ്ദേഹത്തിന് അബൂദർറ് എന്ന വ്യക്തിത്വമുണ്ടാക്കിക്കൊടുത്തത് ഇസ്‌ലാമായിരുന്നു. മുഹമ്മദ്(സ)യുടെ വീട്ടിൽ ജീവിച്ച എട്ടു വയസ്സായ പയ്യനാണ് അലിയായി വളർന്നത്.

അബൂദർറും രണ്ട് മുഖങ്ങളുള്ള ഒരു മനുഷ്യനായിരുന്നു; ഒരാത്മാവും

രണ്ടു മാനങ്ങളുമുള്ള മനുഷ്യൻ. പ്രാർഥിക്കുന്നവനും പോരാളിയുമായിരുന്നു; അദ്ദേഹം ഏകാന്തതയിൽ ജീവിച്ചവനും സമൂഹത്തിന്റെ നടുവിൽ ജീവിച്ചവനുമായിരുന്നു; ആരാധനാ മേഖലകളിലും രാഷ്ട്രീയ മേഖലകളിലും വിരാജിച്ചവനായിരുന്നു; വിശന്നവനുവേണ്ടി സമരം ചെയ്തവനും സത്യവും ശാസ്ത്രവും അറിയുവാനും ഗ്രഹിക്കാനും വേണ്ടി ഖുർആൻ പഠിച്ചവനായിരുന്നു.

അലിയും തഥൈവ. വ്യത്യസ്ത മാനങ്ങളുള്ള ഒരദ്ഭുതാത്മാവ്. ഗ്രീക്ക്–റോമൻ ഇതിഹാസങ്ങളിലെ ദേവന്മാരെക്കാൾ പ്രശോഭിക്കുന്ന ഒരു മനുഷ്യൻ. യുദ്ധം, വാചാലത, വിജ്ഞാനം, വിശ്വാസം, ത്യാഗം, ക്ഷമ, വിശാലമനസ്കത, സൂക്ഷ്മത, ലാളിത്യം, നീതി, ആരാധന തുടങ്ങി ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും അജയ്യനായിരുന്നു അദ്ദേഹം. പകൽസമയത്ത് തന്റെ വിഖ്യാത വാളുകൊണ്ട് ശത്രുപക്ഷത്തുള്ള സൈനികരെ, വിളഞ്ഞു നിൽക്കുന്ന ഗോതമ്പ് കൊയ്തെടുക്കുന്നതു പോലെ കൊയ്തെടുത്തതദ്ദേഹമായിരുന്നു. പാതിരാവിന്റെ നിശ്ശബ്ദതയിൽ ഏകാന്തവും വികാരാധീനവുമായ ഒരാത്മാവിനെ പേറിക്കൊണ്ട് തന്റെ ശയ്യയെ വിട്ട് മദീനക്ക് വെളിയിൽപോയി ഈന്തപ്പനയുടെ ചുവട്ടിലിരുന്ന് ഭൂമിയിലെ വ്യഥിതനായൊരു തടവുകാരനെപ്പോലെ ഏകാന്തതയിൽ ദൈവത്തെയോർത്ത് കണ്ണുനീർ വാർത്തതും അദ്ദേഹം തന്നെയായിരുന്നു.

പതിനാലു നൂറ്റാണ്ടുകൾ പിന്നിട്ട ഈ ഘട്ടത്തിൽ മുഹമ്മദിന്റെ വ്യക്തിത്വത്തെ അദ്ദേഹത്തിൽ മാത്രമല്ല നാമന്വേഷിക്കേണ്ടത്. അല്ലാഹുവിലും ഖുർആനിലും അവിടുത്തെ ശക്തരും സമർഥരും നിഷ്കളങ്കരുമായ അസംഖ്യം അനുചരന്മാരിലും കൂടി നാമതന്വേഷിക്കണം.

മുഹമ്മദ്(സ)യുടെ പട്ടണത്തിനും ഈ സവിശേഷതകളുണ്ടായിരുന്നു. ആഥൻസ്, സ്പാർട്ട, അലക്സാഡ്രിയ, റോം, ഹൈലിയോപോളീസ്, ബനാറസ് തുടങ്ങിയ പ്രാചീന നഗരങ്ങളെ മദീനയുമായി തുലനം ചെയ്യുക. എങ്കിൽ ഈ സവിശേഷതകൾ വ്യക്തമാവും. ഉപര്യുക്ത നഗരങ്ങളെല്ലാം ഏക കവാടം മാത്രമുള്ള തത്രെ. റോമിന്റെയും സ്പാർട്ടയുടെയും ഹമദാന്റെയും കവാടങ്ങളിലൂടെ പുറത്തേക്ക് വന്നവർ ബലിഷ്ഠമായ ശരീരത്തോടും ശൗര്യം നിറഞ്ഞ മുഖത്തോടും കൂടിയ ആയുധ വിഭൂഷിതരും ആവരണമണിഞ്ഞവരുമായ ആർപ്പുവിളികളോടുകൂടിയ യോദ്ധാക്കളായിരുന്നു. എന്നാൽ ആഥൻസിന്റെയും ഹെലിയോ പോളിസിന്റെയും ബനാറസിന്റെയും അലക്സാഡ്രിയയുടെയും കവാടങ്ങളിലൂടെ പുറത്തു വന്നവരാകട്ടെ ആഴമേറിയ ചിന്തയിൽ മുഴുകിയവരും ആത്മീയതയുടെ അദൃശ്യമായ അലകളിൽ മുങ്ങിയവരും വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും സംസ്കാരത്തിന്റെയും മേഖലകളിൽ ഉത്തുംഗതകളിലുള്ളവരുമായിരുന്നു. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, പ്ലോട്ടിനസ്, ബുദ്ധൻ തുടങ്ങിയവർ ഉദാഹരണം.

എന്നാൽ മുഹമ്മദ്(സ)യുടെ പട്ടണമായ യസ്രിബ് രണ്ട് കവാടങ്ങൾ ലോകത്തിന് മുമ്പാകെ തുറന്നിട്ടിരുന്നു. അവയിലൊന്നിലൂടെ പുറത്ത് വന്നത് യുദ്ധത്തെക്കുറിച്ച് മാത്രം ചിന്തിക്കുന്ന, രക്തത്തിലല്ലാതെ ഉറങ്ങാത്ത, രണശൂരരായ ഒരു സൈന്യമായിരുന്നു. ആ വാതിലിലൂടെ ദാഹാർത്തമായ വാളുകളുമേന്തിക്കൊണ്ട് പുറത്തുവന്ന യോദ്ധാക്കൾ ഇരുണ്ട രാത്രികളിൽ പ്രശാന്തമായ പ്രഭാതങ്ങളിൽ ശത്രുഗോത്രങ്ങളുടെ നേരെ കുതിച്ചുചെന്ന് ആക്രമിക്കുകയും അവരെ കൊലപ്പെടുത്തുകയും തങ്ങളുടെ ഖഡ്ഗങ്ങളുടെ രക്തദാഹം ശമിപ്പിച്ചു തിരിച്ചു പോരുകയും ചെയ്തു. റോമിന്റെ കവാടത്തിലൂടെ പുറത്തുപോയ യോദ്ധാക്കളെപ്പോലെത്തന്നെ.

മദീനയുടെ മറ്റേ കവാടത്തിലൂടെ പുറത്തുവന്നവർ ദൈവിക സ്നേഹത്തിന്റെ പ്രകാശധാരകൾ ചൊരിയുന്ന കരുണയുടെയും സമാധാനത്തിന്റെയും പ്രതീകങ്ങളായ മനുഷ്യരായിരുന്നു. അവരുടെ നെറ്റിത്തടങ്ങളിൽ ദൃഢവിശ്വാസത്തിന്റെ അലയൊലികൾ കാണാമായിരുന്നു. അവരുടെ മടിത്തട്ടുകൾ സൂക്ഷ്മതകൊണ്ട് അലംകൃതമായിരുന്നു. കണ്ണുകൾ ഭൂമിയിലൂന്നിക്കൊണ്ടും ഹൃദയങ്ങൾ അല്ലാഹുവുമായി ഘടിപ്പിച്ചുകൊണ്ടുമുള്ളവരായിരുന്നു അവർ– തികച്ചും യേശുവിന്റെ അനുയായികളെപ്പോലെ. അജ്ഞതയുടെ ഇരുണ്ട രാത്രികളെ വിശ്വാസത്തിന്റെ വെള്ളിവെളിച്ചം കൊണ്ട് പ്രശോഭിതമാക്കാൻ വേണ്ടി സൈകതഭൂവിലെ സംസ്കാരശൂന്യമായ ഗോത്രങ്ങളിലേക്കുള്ള സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശവാഹകരായിരുന്നു അവർ.

മദീനയിലെ പള്ളിയെ നോക്കൂ! എന്നിട്ടതിനെ റോമിലെ സെനറ്റുമായും ആഥൻസിലെ അക്കാദമിയുമായും സൗരാഷ്ട്രരുടെ ക്ഷേത്രങ്ങളുമായും തുലനം ചെയ്യുക.

മനുഷ്യ ചരിത്രത്തിലെ മഹത്തായ സാമ്രാജ്യങ്ങൾ തകർത്തവരായിരുന്ന അവർ രണാങ്കണത്തിലായിരുന്നപ്പോൾ റോമിലേയും സ്പാർട്ടയിലെയും സൈന്യത്തിൽനിന്നൊട്ടും വിഭിന്നരായിരുന്നില്ല. ആത്മീയകാര്യങ്ങളിൽ മുഴുകിയിരുന്നപ്പോൾ ഭാരതീയ സന്യാസിമാരിൽനിന്നോ ബുദ്ധന്റെയോ യേശുവിന്റെയോ അനുചരന്മാരിൽനിന്നോ ഒട്ടും പിന്നിലുമായിരുന്നില്ല. മറ്റെല്ലാ സ്ഥലങ്ങളെക്കാളും പള്ളി തെരഞ്ഞെടുത്ത, ആത്മീയതയുടെ ലോകത്തിലേക്കിറങ്ങിപ്പോയ, ദൈവത്തോടുള്ള സ്നേഹത്തിൽ മുങ്ങി അവനെക്കുറിച്ച് ചിന്തിച്ചും ഗവേഷണം നടത്തിയും ചർച്ചചെയ്തും കഴിയുന്ന അവരെ നോസ്റ്റിക്കുകളുമായും ആഥൻസിൽ ദർശനങ്ങളെക്കുറിച്ച് പഠിച്ചിരുന്ന പ്ലേറ്റോയുടെ വിദ്യാർഥികളുമായും താരതമ്യം ചെയ്യുക. അവരുടെ കൈകൾ എപ്പോഴും വാളിന്മേലായിരുന്നു. ആ ഖഡ്ഗങ്ങൾ കഴിഞ്ഞ പത്തു വർഷമായി അവയുടെ ഉറയിലേക്ക് തിരിച്ചു ചെല്ലുകയോ അവയിൽ ഉറങ്ങുകയോ ചെയ്തിരുന്നില്ല. എല്ലായ്പ്പോഴും പുണ്യസമരത്തിലേർപ്പെടാനും മുഹമ്മദ്(സ)യുടെ ആജ്ഞകളനുസരിക്കാനുമുള്ള വ്യഗ്രതയിലുമായിരുന്നു അവ– സീസറുടെ സേനാനികളെപ്പോലെത്തന്നെ.

ലോകാവസാനംവരെയുള്ള മനുഷ്യവർഗത്തെ മുഴുവൻ സൽപന്ഥാവിലേക്കാക്കാനുള്ള പ്രവാചക ദൗത്യത്തിന്റെ ഉത്തരവാദിത്വമേറ്റെടുത്ത ചരിത്രത്തിലെ ഒരു മുഖമാണിവിടെ കണ്ടത്. ഇക്കാരണം കൊണ്ടാണ് യഹോവയുടെയും തിയോസിന്റെയും മുഖങ്ങളുള്ള ഒരു ദൈവവും തൗറാത്തിന്റെയും സുവിശേഷങ്ങളുടെയും അധ്യാപനങ്ങളുള്ള ഒരു വേദഗ്രന്ഥവും മോശയുടെ തലച്ചോറും യേശുവിന്റെ ഹൃദയവുമുള്ള ഒരു പ്രവാചകന് സ്വാതന്ത്ര്യത്തിനും മനുഷ്യസമൂഹത്തിന്റെ നന്മക്കുംവേണ്ടി പോരാടുന്ന സോക്രട്ടീസിന്റെയും ബുദ്ധന്റെയും മുഖങ്ങളുള്ള അനുയായികളുമുള്ള ഈ മതം മാത്രമേ ലോകത്തിന് എന്നെന്നേക്കുമായി പര്യാപ്തമാകൂ എന്ന് പറയുന്നത്. ആ സമൂഹത്തെ, മുഹമ്മദ്(സ) തന്നെ വിശേഷിപ്പിച്ചത് 'പാതിരാവിൽ സന്യാസിമാരും പകൽ അശ്വാരൂഢരും' എന്നായിരുന്നു. അവർ ഒരേസമയം ധീരമായ യോദ്ധാക്കളും ദൈവസ്മരണയിൽ മുഴുകിയവരുമായിരുന്നു. അതുകൊണ്ട് മുഹമ്മദ്(സ)യുടെ ഭിന്നമാനങ്ങളും ദ്വൈതഭാവങ്ങളുമുള്ള പ്രവചാക ദൗത്യത്തിനു മാത്രമേ ആധുനിക ലോകത്തിന്റെ മഹത്തായ ആശയങ്ങളെ യാഥാർഥ്യവൽക്ക

രിക്കാൻ കഴിയൂ.

മാനവത ആത്മീയവാദത്തിനും ഭൗതികവാദത്തിനും വ്യക്തിവാദത്തിനും സാമൂഹിക വാദത്തിനും ഐഹിക സുഖത്തിനും ആത്മീയതക്കും ആശയവാദത്തിനും യാഥാർഥ്യവാദത്തിനും തുടങ്ങി രണ്ടാത്യന്തികതകളിൽ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിക്കൊണ്ടിരിക്കുകയാണെന്ന് കഴിഞ്ഞു കടന്നുപോയ സംസ്കാരങ്ങളുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഈ ചാഞ്ചാട്ടങ്ങൾ മനുഷ്യസമൂഹത്തെ എന്നും കഷ്ടതകളിലാണെത്തിച്ചിരിക്കുന്നത്. ഇന്നും മറ്റെന്നത്തേക്കാളുമുപരി മാനുഷ്യകത്തെ ജീവിതത്തിലുടനീളം വേദനയിൽ മുക്കിയിരിക്കുകയാണത്. ലോകം എത്ര വിശാലമായിട്ടും കുടുസ്സായനുഭവപ്പെടുകയും ശോഭയാർന്ന ജീവിതചക്രവാളം ഇരുളടഞ്ഞതും ശപ്തവുമാവുകയും ചെയ്തിരിക്കുന്നു. ഇത് മനുഷ്യനെ ഗൃഹരഹിതനാക്കുകയും അവനെ അലയാൻ വിടുകയും അവന്റെ അസ്തിത്വത്തെ അബദ്ധവും അസംബന്ധവുമായ ഒരു പ്രക്രിയയായി ഗണിക്കുകയും ചെയ്തിരിക്കുന്നു. ദോഷൈകദൃഷ്ടിയും ദർശനവൽക്കരിച്ച നിരാശാവാദവും നമ്മുടെ കാലഘട്ടത്തിന്റെ ചിന്തയേയും ചൈതന്യത്തേയും നശിപ്പിച്ചിരിക്കുന്നു. ഇത് ആധുനിക ബുദ്ധിജീവികളുടെ പൊതുമതമായിരിക്കുകയാണ്. ഇതിന്റെ ഫലമാകട്ടെ വർധിച്ചുവരുന്ന ആത്മഹത്യകളും ഭ്രാന്തുമാണ്. ഇവരണ്ടും ആധുനിക മനുഷ്യന്റെയും അഭിനവ സംസ്കാരത്തിന്റെയും മുഖമായി മാറിയിരിക്കുകയാണ്. ഇത് ഭാവിയെ ആശങ്കാകുലമാക്കിയിരിക്കുന്നു.

ആധുനിക സംസ്കാരത്തിന്റെ അപാകതകളെക്കുറിച്ച് ചരിത്രത്തിൽനിന്ന് പാഠമുൾക്കൊണ്ട ആധുനിക മനുഷ്യൻ ഇതിൽനിന്നു മുക്തിനേടിക്കൊണ്ട് വിവേകത്തിന്റെയും വിചാരത്തിന്റെയും ചിറകുകളുപയോഗിച്ച് പറന്നുയരാനാഗ്രഹിക്കുന്നു. അബൂഅലിസീനയെപ്പോലെ "അറിയു"വാനും സൈദ് അബുൽഖൈറിനെപോലെ 'കാണു'വാനും അവൻ ഇഛിക്കുന്നു. ആത്മാവ് മതവും ശരീരം സംസ്കാരവുമായിക്കൊണ്ടുള്ള ഇന്ത്യയുടെയും യൂറോപ്പിന്റെയും അപാകതകളിൽനിന്ന് മുക്തമായ ഒരു സമൂഹത്തിന്നടിത്തറപാകണമെന്നവൻ അഭിലഷിക്കുന്നു.

ഇന്ത്യൻ സംസ്കാരത്തിന് യൂറോപ്പിലും യൂറോപ്യൻ സംസ്കാരത്തിന് ഇന്ത്യയിലും അടിത്തറ പാകുകയാണ് ഇന്നത്തെ ധിഷണാശാലികളുടെ യഥാർഥ കർത്തവ്യം. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ഇന്ത്യയുടെ ആത്മീയവാദം ഭൗതികവാദത്തിലാപതിച്ചു പോയ യൂറോപ്പിലേക്കും പടിഞ്ഞാറിന്റെ ഭൗതികത പൗരസ്ത്യ രാജ്യങ്ങളിലേക്കും കൊണ്ടുവരിക.

ശംസ് ജലാലുദ്ദീൻ റൂമി അരിസ്റ്റോട്ടിലിന്റെ ജീവിതത്തിന് തീകൊളുത്തുകയും ബേക്കന്റെ വരണ്ട കണ്ണുകളെ നനക്കുകയും ചെയ്യട്ടെ. സീസറിന്റെ വാളെടുത്ത് യേശുവിന്റെ കൈയിൽ കൊടുക്കൂ; ഹല്ലാജിന്റെ സ്വാസ്ഥ്യവും വിശ്രമമില്ലായ്മയും സോക്രട്ടീസിന്റെ ഹൃദയത്തിൽ വിക്ഷേപിക്കൂ. ആഥൻസിലെ ചുമരുകളിലൂടെ റോമിൽനിന്നൊരു കവാടം തുറക്കൂ; റോമിലെ സെനറ്റിൽനിന്ന് ആഥൻസിലെ അക്കാദമികളിലേക്കും. അലക്സിസ് കാറലിന്റെ വാക്കുകളിൽ, 'മനുഷ്യൻ ശാസ്ത്രത്തിന്റെയും ദൈവത്തിന്റെയും സൗന്ദര്യമംഗീകരിക്കണം. അവൻ പാസ്ക്കലിനെ ശ്രദ്ധിക്കുന്നതുപോലെ ഡെക്കാർട്ടിനെയും ശ്രദ്ധിക്കണം.'

സഹോദരന്മാരേ, വരിക! യൂറോപ്പിനെ അന്ധമായനുകരിക്കുന്നത് നമുക്കവസാനിപ്പിക്കാം. ഏഷ്യയിലോ ആഫ്രിക്കയിലോ ഒരു യൂറോപ്പിനെ സൃഷ്ടിക്കേണ്ട ആവശ്യം നമുക്കില്ല. അമേരിക്കയുടെ അനുഭവംതന്നെ മാനുഷ്യകത്തിന് മുഴുവൻ മതിയായതത്രേ. സുഹൃത്തുക്കളേ, പുതിയ ചിന്തകൾ സൃഷ്ടിക്കൂ. ഒരു നവസമൂഹത്തിന് ജന്മം നൽകൂ. സ്വന്തം കാലിൽ നിൽക്കാൻ പുതിയ മനുഷ്യന് സാധിക്കട്ടെ!

റോമിന്റെയും ഇന്ത്യയുടെയും അനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ടവനായിരിക്കണം ആ പുതിയ മനുഷ്യൻ. ദ്വൈതമാനങ്ങളുള്ള വ്യക്തിയായിരിക്കണമവൻ.

ആ മനുഷ്യചിത്രമെന്തായിരിക്കും?

'രാത്രികാലങ്ങളിൽ ഭക്തൻ; പകൽ സമയങ്ങളിൽ ധീരനായ യോദ്ധാവ്.'

അവന്റെ മതമോ? 'ഗ്രന്ഥത്തിന്റെയും തുലാസിന്റെയും ഇരുമ്പിന്റെയും മതം.'*

* ഖുർആനിലെ ഈ പദപ്രയോഗങ്ങൾ (57:25) മൂന്ന് പ്രതീകങ്ങളായാണ് ഞാൻ ഗണിക്കുന്നത്: ബുദ്ധിയുടെയും വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും പ്രതീകമാണ് ഗ്രന്ഥം. സത്യത്തിന്റെയും സമത്വത്തിന്റെയും നീതിയുടെയും പ്രതീകമാണ് തുലാസ്. വ്യാവസായികവും സൈനികവുമായ ശക്തിക്കും സമൂഹത്തിനുമുള്ള ശക്തി, നാഗരികത തുടങ്ങിയ ഭൗതിക ശക്തിയുടെ പ്രതീകമാണ് ഇരുമ്പ്. മൂന്ന് പദങ്ങളും ഇങ്ങനെ മാറി വായിക്കാം: സംസ്കാരം, നീതി, ശക്തി. ഈ മൂന്നും ഒരുമിച്ചാണ് ഒരു സമൂഹത്തിന് വേണ്ടതെന്നും ഏതെങ്കിലുമൊന്ന് ദുർബലമായാൽ ആ സമൂഹം അപൂർണതയിലും ദുരിതത്തിലുമായിരിക്കുമെന്നുമാണ് സമൂഹത്തെയാകമാനം ഉദ്ദേശിച്ചുകൊണ്ടുള്ള ആ ഖുർആൻ സൂക്തത്തിന്റെ വിവക്ഷ. മനുഷ്യസമൂഹത്തെ വളർത്താനും പൂർണതയിലെത്തിക്കാനുള്ള മൗലികമായ മൂന്നസ്തിവാരങ്ങളിൽ ഒന്നിന്റെ ദുർബലത കൊണ്ടാണ് മനുഷ്യസമൂഹങ്ങളും സംസ്കാരങ്ങളും തകർന്നടിഞ്ഞതെന്ന് ചരിത്രം വ്യക്തമാക്കുന്നു: ഇന്ത്യക്ക് ഇരുമ്പുണ്ടായിരുന്നില്ല. റോമിന് ത്രാസുമുണ്ടായിരുന്നില്ല.

കൂടാതെ, 'മാതൃകാനഗരവും' ഈ മൂന്നസ്തിവാരങ്ങളിലാണ് കെട്ടിപ്പടുക്കേണ്ടത്. ഗ്രന്ഥവും തുലാസും ശക്തിയും അസ്തിവാരങ്ങളായിക്കൊണ്ടുള്ള ഒരു നഗരത്തിന്റെ നിർമിതിതന്നെയാണ് ആധുനിക സമൂഹം ഇന്ന് തേടിക്കൊണ്ടിരിക്കുന്നതും.

ഖുർആൻ ഈ പദങ്ങളുപയോഗിച്ചതിന്റെ ക്രമവും അന്ത്യവും മനോഹരവും യുക്തിപൂർവകവുമത്രെ.

ഒന്നാമതായി ഗ്രന്ഥം: രണ്ടാമത് ത്രാസ്; മൂന്നാമത് ഇരുമ്പ്. മനുഷ്യ സമൂഹത്തിന്റെ മൂലശിലയാണ് വേദഗ്രന്ഥം. ഇരുമ്പും ഗ്രന്ഥവും തൊട്ടടുത്ത് വന്നുകൂടാ. അത് ഗ്രന്ഥത്തിന്റെ നാശത്തിന് കാരണമാവും. ഗ്രന്ഥവും ഇരുമ്പും തൊട്ടടുത്തുവന്നതായിരുന്നു രണ്ട് മഹായുദ്ധങ്ങളുടെ കാരണം. ഗ്രന്ഥവും ഇരുമ്പും ഒത്തുചേർന്നതിന്റെ സന്തതിയായിരുന്നില്ലേ ഫാസിസം? ഇവ രണ്ടെണ്ണത്തിന്റെ സംയോജനം തന്നെയായിരുന്നില്ലേ ഇസ്‌ലാമിനെയും സൗരാഷ്ട്ര മതത്തേയും ദുഷിപ്പിച്ചത്? ഈ രണ്ടെണ്ണം സംയോജിക്കുന്നതിന്റെ ഭീഷണി ഇന്നും ആധുനിക സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇവരണ്ടിനുമിടക്ക് ഒരു ത്രാസ് ആവശ്യമാണ്. ത്രാസ് അവ രണ്ടിനെയും സന്തുലിതാവസ്ഥയിൽ നിർത്തുന്നു. ഇരുമ്പില്ലാതെ വെറും ഗ്രന്ഥവും തുലാസും മാത്രമാവുന്നതും ഒന്നിനും കൊള്ളില്ല, ഫ്രഞ്ചുകാരുടെ അഭിപ്രായത്തിൽ 'ജീവനില്ലാത്ത പദങ്ങൾ' മാത്രമാണവ. ഖുർആൻ ഇവമൂന്നിനെയും ക്രമപ്രകാരം നിരത്തിയിരിക്കുന്നു. സമൂഹത്തിന്റെ അസ്തിവാരം ഇവ മൂന്നും ആയിരിക്കണം. ●

**വിവ: കെ.സി.എസ്**